കേരള സർക്കാർ

<u>സംഗ്രഹം</u>

സഹകരണ വകുപ്പ് - കേരള ബാങ്കിന്റെ വിവിധ ശാഖകളിൽ നിന്നും എടുത്ത വായ്പകളിൽ റിസ്ക് ഫണ്ട് നിബന്ധനകളിൽ ഇളവ് അനുവദിച്ച് ഉത്തരവാകുന്നു.

സഹകരണ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.112/2025/Co-op തീയതി, തിരുവനന്തപുരം, 01-03-2025

---

പരാമർശം : 1. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ 22/01/2025-ലെ 4-ാം നമ്പർ തീരുമാനം

2. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് സെക്രട്ടറിയുടെ 18.02.2025 ലെ 9556/2024 നമ്പർ കത്ത്

<u>ഉത്തരവ്</u>

പരാമർശം 1 ലെ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് തീരുമാന പ്രകാരം ബോർഡ് മുമ്പാകെ സമർപ്പിക്കപ്പെട്ട വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പകൾക്കുള്ള റിസ്ക് ഫണ്ട് ധനസഹായത്തിനുള്ള അപേക്ഷകൾ പരിഗണിച്ചതിൽ കേരള ബാങ്കിന്റെ വിവിധ ശാഖകളിൽ നിന്നും എടുത്ത വായ്പകളിൽ ആകെ 7 അപേക്ഷകളിലായി റിസ്ക് ഫണ്ട് നിബന്ധനകളിൽ ഇളവ് അനുവദിച്ച് ധനസഹായം അനുവദിക്കുന്നതിനുള്ള ശുപാർശ ബോർഡ് അംഗീകരിക്കുകയുണ്ടായി.

2) തുടർന്ന് ബോർഡ് തീരുമാനത്തിന്റെ വെളിച്ചത്തിൽ പരാമർശം 2 - ലെ കത്ത് പ്രകാരം കേരളാ ബാങ്കിന്റെ വിവിധ ശാഖകളിൽ നിന്നും വായ്പ അനുവദിച്ച 7 വായ്പക്കാർക്ക് റിസ്ക് ഫണ്ട് നിബന്ധനകളിൽ ഇളവ് നൽകി ധനസഹായം അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 18/02/2025- ലെ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് ശുപാർശയുടെ വെളിച്ചത്തിൽ കേരളാ ബാങ്കിന്റെ വിവിധ ശാഖകളിൽ നിന്നും വായ്പ എടുത്ത താഴെ പറയുന്ന വായ്പക്കാർക്ക് പ്രത്യേക മാനുഷിക പരിഗണന നൽകി റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകളിലെ 13(6) പ്രകാരം ഇളവ് നൽകി ധനസഹായം അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | ബാങ്ക് / സംഘത്തിന്റെ പേര് (കേരള ബാങ്ക്) | ജില്ല | വായ്പക്കാരന്റെ പേര് | വായ്പാ തുക | വ്യവസ്ഥ യിലുള്ള ഇളവ് | റിസ്ക് ഫണ്ട് ധനസഹായം |
|---|---|---|---|---|---|---|
| 1. | കേരള ബാങ്ക് കൊല്ലം റീജയണിലെ ചടയമംഗലം ശാഖ | കൊല്ലം | ശ്രീമതി. ഗിരിജ കൃഷ്ണൻ | 800000 | 4(ബി) | 200000 |
| 2. | കേരള ബാങ്ക് കൊല്ലം റീജയണിലെ വാളകം ശാഖ | കൊല്ലം | ശ്രീ. പ്രവീൺ പ്രഭ | 650000 | 4(ബി) | 150000 |
| 3. | കേരള ബാങ്ക് കോഴിക്കോട് | കോഴിക്കോട് | ശ്രീ. ഈസ്സ | 300000 | 4(ബി) | 200000 |
| 4. | കേരള ബാങ്ക് കോഴിക്കോട് | കോഴിക്കോട് | ശ്രീ. രാജൻ കെ. കെ. | 975000 | 4(ബി) | 105000 |
| 5. | കേരള ബാങ്ക് തൃശ്ശൂർ റീജയണിലെ എറിയാട് ശാഖ | തൃശ്ശൂർ | ശ്രീമതി. ഐഷാബി | 350000 | 4(ബി), 5 | 105000 |
| 6. | കേരള ബാങ്ക് പത്തനംതിട്ട റീജിയണിലെ പുല്ലാട് ശാഖ | പത്തനംതിട്ട | ശ്രീ. മാത്യു കെ. വി. | 1000000 | 4(ബി) | 150000 |
| 7. | കേരള ബാങ്ക് വയനാട് റീജയണിലെ കാട്ടിക്കുളം ശാഖ | വയനാട് | ശ്രീ.സന്തോഷ് കുമാർ | 300000 | 4(ബി) | 100000 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജി ഫിലിപ്പ്
അഡീഷണൽ സെക്രട്ടറി

To

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം

2. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
3. സെക്രട്ടറി, കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ്, ഗാന്ധാരി അമ്മൻ കോവിലിന് സമീപം, സ്റ്റാച്യൂ തിരുവനന്തപുരം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് എ&ഇ) കേരളം, തിരുവനന്തപുരം
5, അക്കൗണ്ടന്റ് ജനറൽ ആഡിറ്റ്, കേരളം, തിരുവനന്തപുരം.
6. വെബ് & ന്യൂ മീഡിയ,
7, സ്റ്റോക്ക് ഫയൽ. ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. സഹകരണ വകുപ്പ് സെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്
3. സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ ക്ക്